ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഹൗസ്ബോട്ടുകളിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടി പുന്നമടയിലും കുമരകത്തും മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

ബേക്കൽ ടൂറിസം വികസന പദ്ധതി

*17 [408] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*

,, *എം. പ്രകാശൻ മാസ്റ്റർ:*

,, *കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ കടലോരം കേന്ദ്രീകരിച്ചുള്ള ടൂറിസം വികസന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ബേക്കൽ ടൂറിസം വികസന പദ്ധതിയുടെ പ്രവർത്തനം സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ;

(സി) ബേക്കൽ കടലോരത്ത് ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള അനിശ്ചിതത്വത്തിനിടയായ സാഹചര്യങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പദ്ധതിക്കുവേണ്ടി ഇതിനകം എന്ത് തുകവീതം ചെലവഴിച്ചിട്ടുണ്ട്;

(ഇ) ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ കെ സി വേണുഗോപാൽ):*

(എ) ബേക്കൽ ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന അടിസ്ഥാന സൗകര്യവികസനം, റിസോർട്ട് സൈറ്റുകളുടെ വികസനം തുടങ്ങിയ പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. പഞ്ചനക്ഷത്ര ഹോട്ടലുകൾ സ്ഥാപിക്കുന്നതിനായി ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ വികസിപ്പിച്ചെടുത്ത 6 റിസോർട്ട് സൈറ്റുകളിൽ 3 എണ്ണം കൈമാറുന്നതിന് ബന്ധപ്പെട്ട ഹോട്ടൽ ഗ്രൂപ്പുകളുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. ഇതിൽ ഒരെണ്ണം നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബേക്കൽ കടലോരത്ത് ടൂറിസം വികസനത്തിനായി ഒരുക്കിയിട്ടുള്ള അടിസ്ഥാനസൗകര്യ വികസനങ്ങൾ താഴെ പറയുംവിധമാണ്:

1. *ശുദ്ധജല വിതരണ പദ്ധതി*

നിർദ്ദിഷ്ട റിസോർട്ട് സൈറ്റുകളിലേക്ക് ശുദ്ധജലവിതരണത്തിനും പദ്ധതി പ്രദേശത്തെ പഞ്ചായത്തുകളായ ചെമ്മനാട്, ഉദുമ, പള്ളിക്കര, അജാനൂർ എന്നിവിടങ്ങളിലെ ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനും ഏഴ് ദശലക്ഷം ലിറ്റർ പ്രതിദിനശേഷിയുള്ള ജലവിതരണ പദ്ധതിയുടെ ടാങ്കുകൾ ഒഴികെയുള്ള നിർമ്മാണം പൂർത്തിയായി. വാട്ടർ ടാങ്കുകളുടെ നിർമ്മാണത്തിനുള്ള ദർഘാസുകൾ ക്ഷണിച്ചിരിക്കുകയാണ്.

2. *പഞ്ചായത്ത് റോഡുകളുടെ വികസനം*

പദ്ധതിപ്രദേശത്ത് ഗതാഗതസൗകര്യം വികസിപ്പിക്കുന്നതിനായി മൂന്ന് ഘട്ടങ്ങളിൽ 33 റോഡുകളുടെ നവീകരണവും പുനർനിർമ്മാണവും നടത്തിയിട്ടുണ്ട്.

3. *ചേറ്റുകുണ്ട് ലെവൽക്രോസ്*

ചിത്താരിയിലുള്ള റിസോർട്ട് നമ്പർ-2-ലേക്കുള്ള വാഹനഗതാഗതം ഒരുക്കുന്നതിനായി ചേറ്റുകുണ്ട് എന്ന സ്ഥലത്ത് റയിൽവേ ഗേറ്റ് സ്ഥാപിക്കേണ്ടതുണ്ട്. റയിൽവേ നിർദ്ദേശിച്ചപ്രകാരം കോർപ്പറേഷൻ 98.5 ലക്ഷം രൂപ റയിൽവേയിൽ അടച്ചുകഴിഞ്ഞു. ഈ ഗേറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ റയിൽവേതലത്തിൽ പുരോഗമിക്കുകയാണ്.

(ഡി) കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതിക്കുവേണ്ടി ഇതിനകം ചെലവഴിച്ച തുക താഴെ പറയുംവിധമാണ്:

	ബേക്കൽ ടൂറിസം അതോറിറ്റി	ബി.ആർ.ഡി.സി.	ആകെ
കേന്ദ്ര സർക്കാർ	190 ലക്ഷം	200 ലക്ഷം	390 ലക്ഷം
സംസ്ഥാന സർക്കാർ	65 ലക്ഷം	3795 ലക്ഷം	3860 ലക്ഷം
		ആകെ	4250 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(ഇ) റിസോർട്ടുകൾ സ്ഥാപിക്കുവാനുള്ള നടപടികളും ടൂറിസം വികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതുമാണ് ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ.

ഫാം ടൂറിസം വികസനം

*18 [409] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫാം ടൂറിസം വികസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ വിനോദസഞ്ചാരികളെ കൊണ്ടുവരുന്നതിനും അവർക്ക് താമസ സൗകര്യങ്ങൾ ഒരുക്കി കൃഷി സംബന്ധമായി ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും ഉള്ള പദ്ധതികൾ നടപ്പിലാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):*

(എ) & (ബി) ഉണ്ട്. സഹകാര്യമേഖലയിൽ പല കേന്ദ്രങ്ങളിലും ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി ഫാം ടൂറിസവും ഉൾപ്പെടുത്തിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളിലൂടെ ഇവ പ്രചരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ, സഹകാര്യമേഖലയുടെ പങ്കാളിത്തത്തോടെ ടൂറിസം സാദ്ധ്യതയുള്ള എസ്റ്റേറ്റുകൾ/ഫാം എന്നിവ കണ്ടെത്തി ഫാം ടൂറിസം വികസിപ്പിക്കുന്നതിന് വിപുലമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഈ പദ്ധതിക്ക് അന്തിമരൂപം ആയിട്ടില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എസ്.എൻ.സി. ലാവ്‌ലിൻ കമ്പനി

1 [2751] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകളിലെ വ്യവസ്ഥയനുസരിച്ച് എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിക്ക് ഇനിയും എന്തു തുക ബോർഡ് നൽകുവാനായി അവശേഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുമുമ്പായി മലബാർ കാൻസർ ആശുപത്രിക്കുവേണ്ടി എസ്. എൻ.സി. ലാവ്‌ലിൻ എന്ത് തുക ചെലവഴിക്കുകയുണ്ടായി. ആശുപത്രി പ്രവർത്തനം ആരംഭിച്ചത് ഏത് തീയതിയിലായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly